**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **436**

**02.12.2014**- ലെ മറുപടിക്ക്

**സഹകരണ ആശുപത്രികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.സുരേഷ് കുറുപ്പ്** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണമേഖലയിൽ പ്രവർത്തിച്ചു വന്നിരുന്ന സഹകരണ ആശുപത്രികളിൽ എത്രയെണ്ണം അടച്ചുപൂട്ടി പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായിട്ടുണ്ട്; | (എ) സഹകരണമേഖലയിൽ 59 സഹകരണ ആശുപത്രികൾ പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായിട്ടുണ്ട്, |
| ബി) നിലവിൽ പ്രവർത്തിച്ചുവരുന്നവ എത്ര; അവയിൽ നൂറിൽ താഴെ കിടക്കകളോടുകൂടി പ്രവർത്തിക്കുന്നവ എത്ര; നൂറിൽ കൂടുതൽ കിടക്കകളോടുകൂടി പ്രവർത്തിക്കുന്നവ എത്ര; | ബി) നിലവിൽ 95 ആശുപത്രികൾ പ്രവർത്തിച്ചുവരുന്നു. അവയിൽ 60 എണ്ണം നൂറിൽ താഴെ കിടക്കകളോടുകൂടിയും 23 എണ്ണം നൂറിൽ കൂടുതൽ കിടക്കകളോടുകൂടിയും പ്രവർത്തിക്കുന്നു. |
| സി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രി സംഘങ്ങൾ എത്ര; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര; | സി) നിലവിൽ 13 സഹകരണ ആശുപത്രികൾ ലാഭത്തിലും 82 ആശുപത്രികൾ നഷ്ടത്തിലും പ്രവർത്തിക്കുന്നു. |
| ഡി) പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനത്തിൽ സഹായകരമായ നിലയിൽ നികുതി ഇളവുകളോ, സബ്സിഡികളോ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കാമോ? | ഡി) സഹകരണ ആശുപത്രികൾക്ക് ആംബുലൻസ് വാങ്ങുന്നതിനും കെട്ടിടം നിർമ്മാണത്തിനും സബ്സിഡി നൽകി വരുന്നു. ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും, മെഡിക്കൽ ലാബ്/ബ്ലഡ് ബാങ്ക് എന്നിവയ്ക്ക് ധനസഹായം നൽകുന്നതിന്റെ ഒരു വിഹിതം സബ്സിഡിയായി നൽകി വരുന്നു. സഹകരണ ആശുപത്രികൾക്ക് പ്രത്യേക നികുതി ഇളവ് അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**